"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - **സി ക്ലാസ്സ്, ഡി ക്ലാസ്സ്** കരാറുകാരുടെ രജിസ്ട്രേഷൻ, ലൈസൻസ് പുതുക്കുക എന്നീ അവസരങ്ങളിൽ അടക്കേണ്ട ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കുറച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.28/2026/PWD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. ജി.ഒ(എം.എസ്) നമ്പർ.6/2023/പി.ഡബ്ല്യൂ.ഡി തീയതി 20/01/2023.
2. പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 19.02.2026 ലെ സി.ഇ.പി.ഡബ്ല്യൂ.ഡി/3285/2026-എ.ഇ.ഇ(പി.എൽ.ജി) - എ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

കരാറുകാരുടെ രജിസ്ട്രേഷൻ , ലൈസൻസ് പുതുക്കൽ എന്നീ അവസരങ്ങളിൽ സർക്കാരിലേക്ക് ഒടുക്കേണ്ടിയിരുന്ന ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അന്ന് നിലവിലുണ്ടായിരുന്നതിന്റെ മൂന്നിരട്ടിയായി വർദ്ധിപ്പിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) സി ക്ലാസ്സ്, ഡി ക്ലാസ്സ് കരാറുകാരുടെ രജിസ്ട്രേഷൻ, ലൈസൻസ് പുതുക്കുക എന്നീ അവസരങ്ങളിൽ അടക്കേണ്ട ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇവ കുറയ്ക്കണമെന്ന് കാട്ടി സർക്കാരിലേക്ക് നിവേദനങ്ങൾ ലഭ്യമാകുകയും തുടർന്ന് ആയത് പരിഗണിക്കാവുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **സി ക്ലാസ്സ്, ഡി ക്ലാസ്സ്** കരാറുകാരുടെ രജിസ്ട്രേഷൻ/ ലൈസൻസ് പുതുക്കുന്ന അവസരത്തിൽ അടക്കേണ്ട ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ പരാമർശം (1) ഉത്തരവിന് മുൻപ് നിലവിലുണ്ടായിരുന്നതിന്റെ ഇരട്ടിയായി പുതുക്കി നിശ്ചയിച്ച് (നിരക്ക് ചുവടെ ചേർക്കുന്നു) ഇതിനാൽ ഉത്തരവാകുന്നു.

.

| **രജിസ്ട്രേഷൻ ഫീസ് (₹)** | | |
|---|---|---|
| | **ജി.ഒ(എം.എസ്) നമ്പർ.6/2023/പി.ഡബ്ല്യൂ.ഡി** | |

| കാറ്റഗറി | തീയതി 20/01/2023 നിലവിൽ വരുന്നതിനുമുൻപുള്ള രജിസ്ട്രേഷൻ ഫീസ് (₹) | പുതുക്കി നിശ്ചയിച്ച രജിസ്ട്രേഷൻ ഫീസ് (₹) |
|---|---|---|
| സിവിൽ കാറ്റഗറി | | |
| സി ക്ലാസ്സ് | 2200 | 4400 |
| ഡി ക്ലാസ്സ് | 1100 | 2200 |
| ഇലക്ട്രിക്കൽ കാറ്റഗറി : | | |
| സി ക്ലാസ്സ് | 1100 | 2200 |
| ഇലക്ട്രോണിക്സ് കാറ്റഗറി : | | |
| സി ക്ലാസ്സ് | 1100 | 2200 |
| ഡി ക്ലാസ്സ് | 550 | 1100 |

സെക്യൂരിറ്റി ഡെപ്പോസിറ്റ് (₹ )

| കാറ്റഗറി | ജി.ഒ(എം.എസ്) നമ്പർ.6/2023/പി.ഡബ്ല്യൂ.ഡി തീയതി 20/01/2023 നിലവിൽ വരുന്നതിനുമുൻപുള്ളത്. (₹ ) | പുതുക്കി നിശ്ചയിച്ച ത്. (₹ ) |
|---|---|---|
| സിവിൽ കാറ്റഗറി | | |
| സി ക്ലാസ്സ് | 50,000 | 1 ,00,000 |
| ഡി ക്ലാസ്സ് | 25,000 | 50,000 |
| ഇലക്ട്രിക്കൽ കാറ്റഗറി: | | |
| സി ക്ലാസ്സ് | 25,000 | 50,000 |
| ഇലക്ട്രോണിക്സ് കാറ്റഗറി : | | |
| സി ക്ലാസ്സ് | 10,000 | 20,000 |
| ഡി ക്ലാസ്സ് | 2,000 | 4,000 |

പുതുക്കുന്നതിനുള്ള ഫീസ് ( Renewal fees) ((₹))

| സിവിൽ കാറ്റഗറി /ഇലക്ട്രിക്കൽ കാറ്റഗറി | ജി.ഒ(എം.എസ്) നമ്പർ.6/2023/പി.ഡബ്ല്യൂ.ഡി തീയതി 20/01/2023 നിലവിൽ വരുന്നതിനുമുൻപുള്ളത്. (₹ ) | പുതുക്കി നിശ്ചയിച്ച ത്. (₹ ) |
|---|---|---|
| സി ക്ലാസ്സ് | 1650 | 3300 |
| ഡി ക്ലാസ്സ് (സിവിൽ മാത്രം) | 1100 | 2200 |
| ഇലക്ട്രോണിക്സ് കാറ്റഗറി : | | |
| സി ക്ലാസ്സ് | 1100 | 2200 |
| ഡി ക്ലാസ്സ് | 550 | 1100 |

4) പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ബന്ധപ്പെട്ട ക്ലോസ്സുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയർമാർക്കും .
പൊതുമരാമത്ത് വകുപ്പിലെ എല്ലാ രജിസ്റ്ററിങ്ങ് അധികാരികൾക്കും (ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ മുഖേന)
എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇ ഗവേണൻസ്), പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, എറണാകുളം.
ധനകാര്യ വകുപ്പ് (E 3390643/I&PW-B2/3/2026-FIN തീയതി 10.03.2026)
തദ്ദേശ സ്വയംഭരണ വകുപ്പ്
ജലവിഭവ വകുപ്പ്.
ഐ&പി.ആർ (വെബ്& ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (PWD-H3/24/2026-PWD/ കമ്പ്യൂട്ടർ നമ്പർ. 3418377 ).

ഉത്തരവിൻ പ്രകാരം
Signed by Deepu B K
Date: 13-03-2026 14:25:52

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. പൊതുമരാമത്തുവകുപ്പ് മന്ത്രിയുടെ പി.എസ്.ന്
പൊതുമരാമത്തുവകുപ്പ് സെക്രട്ടറിയുടെ സി.എ. ക്ക്